# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4606 — 13.11.2019 -ലെ മറുപടി

## ഉപയോഗരഹിതമായ കുഴൽ കിണറുകൾ


**ചോദ്യം**
**ശ്രീ.റോഷി അഗസ്റ്റിൻ**

**മറുപടി**
**കെ. കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**


| | | | |
|---|---|---|---|
| എ) | ഉപയോഗരഹിതമായ കുഴൽകിണറുകൾ മുഖേനയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | എ) | ബഹു. സുപ്രീംകോടതിയുടെ 11.02.2010 - ലെ WP(C) No. 36/2009 ഉത്തരവ് പ്രകാരം ഉപയോഗരഹിതമായ കുഴൽക്കിണറുകൾ മുഖേനയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് ഭൂജല വകുപ്പിന്റെ എല്ലാ ജില്ലാ ഓഫീസുകളിലും 15.09.2012 - ന് ഭൂജലവകുപ്പ് ഡയറക്ടേറ്റിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് 28.05.2014 - ന് നിർമ്മാണത്തിനിടെ ഉപേക്ഷിക്കപ്പെട്ട കുഴൽക്കിണറുകൾ മൂടുന്നതിനുള്ള മാർഗ്ഗരേഖ ഭൂജലവകുപ്പ് പൊതുജന ശ്രദ്ധയ്ക്കായി പത്രമാദ്ധ്യമങ്ങൾ വഴി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ദേശീയ ദുരന്തനിവാരണ പ്രതികരണ സേന (NDRF) - യുടെ 2019 - ലെ കുഴൽക്കിണർ മുഖാന്തിരമുള്ള അപകടങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള Standard Operating Procedures 31.08.2019-ന് ഭൂജലവകുപ്പിൽ തുടർ നടപടികൾക്കായി ലഭ്യമാക്കിയിരുന്നു. പ്രസ്തുത മാർഗ്ഗരേഖയുടെ പരിഭാഷപ്പെടുത്തിയ പകർപ്പ് 05.11.2019 - ന് ഭൂജലവകുപ്പിന്റെ എല്ലാ ജില്ലാ ഓഫീസുകളിലേക്കും തുടർനടപടികൾക്കായി നൽകിയിട്ടുണ്ട്. കൂടാതെ പബ്ലിക്ക് റിലേഷൻസ് വകുപ്പിനും പത്രമാദ്ധ്യമങ്ങൾ വഴി പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി മാർഗ്ഗരേഖയുടെ പകർപ്പ് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഇത്തരം കിണറുകൾ മൂടുന്നതിനായി ജില്ലാതലത്തിൽ സുരക്ഷാക്രമീകരണങ്ങൾ നടപ്പിലാക്കുമോ; വിശദമാക്കാമോ? | ബി) | നടപ്പിലാക്കിയിട്ടുണ്ട്. ഭൂജലവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ അതാത് ജില്ലകളിലെ ഭൂജലവകുപ്പും റവന്യൂ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി മോണിറ്ററിംഗ് ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പൊതുജന താൽപര്യാർത്ഥം മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പൊതുജനശ്രദ്ധയിൽപ്പെടുത്തുവാനായി പത്രക്കുറിപ്പും നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**